സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പുത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com

www.swathanthramandapam.com | വാല്യം: 59 | ലക്കം: 145 | 2024 സെപ്തംബർ 21 ശനി | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

## കാശ്മീരിൽ ബസ് താഴ്ചയിലേക്ക് മറിഞ്ഞ് നാല് ജവാന്മാർക്ക് വീരമൃത്യു

ശ്രീനഗർ: ജമ്മു കാശ്മീരിൽ ബസ് താഴ്ചയിലേക്ക് മറിഞ്ഞ് നാല് ബിഎസ്എഫ് ജവാന്മാർക്ക് വീരമൃത്യു. 32പേർക്ക് പരിക്കേറ്റു. മദ്ധ്യ കാശ്മീരിലെ ബുദ്ഗാം ജില്ലയിലെ ബ്രെൽ വാട്ടർഹെയ്ൽ മേഖലയിലാണ് അപകടമുണ്ടായത്. 35 ബിഎസ്എഫ് ജവാന്മാരുമായി സഞ്ചരിക്കുകയായിരുന്ന ബസ് റോഡിൽ നിന്ന് തെന്നി താഴ്ചയിലേക്ക് മറിയുകയായിരുന്നു. പരിക്കേറ്റവരിൽ 6പേരുടെ നില ഗുരുതരമാണെന്ന് പോലീസ് അറിയിച്ചു. രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിന്റെ സുരക്ഷാ ഡ്യൂട്ടിക്കായി നിയോഗിക്കപ്പെട്ട ബിഎസ്എഫ് ജവാന്മാരുമായി പോയ ഏഴ് വാഹനങ്ങളിൽ ഒന്നായിരുന്നു അപകടത്തിൽപ്പെട്ട വാഹനം. ബസ് മലയോര പാതയിൽ നിന്ന് തെന്നിമാറി 40 അടി താഴ്ചയിലേക്ക് വീഴുകയായിരുന്നെന്ന് പോലീസ് പറഞ്ഞു.

# വ്യാജ വാർത്തയിൽ കേരളം അവഹേളിക്കപ്പെട്ടു: മുഖ്യമന്ത്രി

തിരു: വയനാട് ദുരിതാശ്വാസ ചെലവ് വിവാദത്തിൽ മാധ്യമങ്ങളെ രൂക്ഷമായി വിമർശിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. മാധ്യമങ്ങൾ നൽകിയ തെറ്റായ വിവരം സംശയത്തിന്റെ പുകപടലം പടർത്താൻ ഇടയാക്കിയെന്നും പെട്ടെന്നു കേൾക്കുന്ന ആരും ഞെട്ടിപ്പോകുന്ന കണക്കാണ് മാധ്യമങ്ങൾ കൊടുത്തതെന്നും മുഖ്യമന്ത്രി പറഞ്ഞു.

വയനാട് ദുരന്തത്തിന്റെ പേരിൽ സംസ്ഥാന സർക്കാർ കള്ളക്കണക്ക് കൊടുത്തു എന്ന ആരോപണവുമായി പ്രതിപക്ഷത്തെ പ്രധാന നേതാക്കളും രംഗത്തിറങ്ങി. സോഷ്യൽ മീഡിയയിൽ വ്യാപകമായി ആക്ഷേപം വന്നു. കേരളത്തിനെതിരായ ദുഷ്പ്രചാരണം എല്ലാ സീമകളും കടന്ന് കുതിച്ചുപാഞ്ഞു. കേരളം കണക്കുകൾ പെരുപ്പിച്ച് അനർഹമായ കേന്ദ്രസഹായം നേടാൻ ശ്രമിക്കുന്നുവെന്ന വ്യാജകഥ ഒരു വിഭാഗം ജനങ്ങളുടെ മനസിൽ കടന്നുകയറി. കേരളീയരും ഇവിടുത്തെ സർക്കാറും ജനങ്ങളും ലോകത്തിനു മുന്നിൽ അവഹേളിക്കപ്പെട്ടു.

അതുകൊണ്ടാണ് ഇത് കേവലമായ വ്യാജ വാർത്താ പ്രചാരണമോ മാധ്യമ ധാർമികതയുടെ പ്രശ്നമോ അല്ല എന്ന് പറയേണ്ടിവരുന്നത്. വ്യാജ വാർത്തകളുടെ വലിയ പ്രശ്നം നുണകളല്ല, ആ നുണകളുടെ പിന്നിലെ അജണ്ടയാണ്. ആ അജണ്ട ഇന നാട്ടിനും ജനങ്ങൾക്കുമെതിരായ ഒന്നാണെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. രാജ്യവും ലോകമാകെയും പ്രകീർത്തിക്കുന്ന തരത്തിലുള്ള രക്ഷാ പ്രവർത്തനമാണ് വയനാട്ടിൽ നാം നടത്തിയത്. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ഇരയായവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും എല്ലാത്തരത്തിലുള്ള സഹായങ്ങളും സർക്കാർ ചെയ്തുവരികയാണെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ദുരിതാശ്വാസ ചെലവുകളും വാർത്തസമ്മേളനത്തിൽ മുഖ്യമന്ത്രി വിശദീകരിച്ചു. ദുരന്തത്തിൽപെട്ട എല്ലാവർക്കും സർക്കാർ സഹായം ഉറപ്പാക്കി. ദുരന്തത്തിൽപെട്ടവരുടെ ആശ്രിതർക്ക് ആറു ലക്ഷം രൂപ വീതം നൽകി. 173 പേരുടെ സംസ്കാര ചടങ്ങുകൾക്കായി കുടുംബത്തിന് 10000 രൂപ വീതം നൽകി. പരിക്കേറ്റ് ഒരാഴ്ചയിലേറെ ആശുപത്രിയിൽ തുടർന്ന 26 പേർക്ക് 17,16,000 രൂപ സഹായം നൽകി. 1013 കുടുംബങ്ങൾക്ക് അടിയന്തരമായി 10000 രൂപ വീതം സഹായം നൽകി. 1694 പേർക്ക് 30 ദിവസം 300 രൂപ വീതം നൽകി. 33 കിടപ്പുരോഗികൾക്ക് 2,97,000 രൂപ നൽകി. 722 കുടുംബങ്ങൾക്ക് പ്രതിമാസവാടക 6000 രൂപ നൽകിയെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

ചാനലുകളുടെ കിടമത്സരത്തിൽ വ്യാജവാർത്തകളുടെയും അജണ്ടവെച്ചുള്ള അസത്യപ്രചരണങ്ങളുടെയും കുത്തൊഴുക്കാണ് നടക്കുന്നത്. സാമാന്യ ഭാഷാശേഷിയുള്ളവർക്കുപോലും മനസ്സിലാവുന്ന ഒരു കാര്യം മനഃപൂർവം തെറ്റായി വ്യാഖ്യാനിച്ച് സർക്കാറിനെ പഴിചാരാൻ ഉപയോഗിക്കുകയായിരുന്നു എന്നത് വയനാടിന്റെ കാര്യത്തിൽ വ്യക്തമാണ്. ദുരന്താനന്തരം ലഭിക്കേണ്ട കേന്ദ്ര സഹായം മുടക്കാനുള്ള



ക്വട്ടേഷനാണോ ഇക്കൂട്ടർ ഏറ്റെടുത്തതെന്ന സംശയം സമൂഹത്തിൽ നിലനിൽക്കുന്നു. ഉണ്ടായ ദുരന്തത്തിൽ നിന്നു നാട് ഇനിയും കരകയറിയിട്ടില്ല. കേരളമൊന്നായി വയനാട്ടിനൊപ്പം ചേർന്ന് തിരിച്ചുവരവിനുള്ള ശ്രമത്തിലാണ്. അതിനിടയിൽ ചാനൽ റേറ്റിങ്ങിനുവേണ്ടി ഒരു ജനതയുടെ അതിജീവന പോരാട്ടങ്ങളെ തുരങ്കം വെക്കരുതെന്നാണ് അഭ്യർഥിക്കാനുള്ളതെന്നും മുഖ്യമന്ത്രി പറഞ്ഞു.

സി.പി.ഐ അടക്കമുള്ള ഘടകകക്ഷികൾ ക്രമസമാധാനച്ചുമതലയിൽ നിന്ന് എ.ഡി.ജി.പി എം.ആർ. അജിത്കുമാറിനെ നീക്കാൻ കടുത്ത സമ്മർദം ചെലുത്തുന്നതിനിടെയാണ് മുഖ്യമന്ത്രി മാധ്യമങ്ങളെ കാണുന്നത്. അജിത്കുമാറിനെ നീക്കുന്നതടക്കമുള്ള ആവശ്യങ്ങളിൽ അദ്ദേഹം എന്തു പറയുമെന്നാണ് ഏവരും ഉറ്റുനോക്കുന്നത്. ഡി.ജി.പിയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലേ അജിത്കുമാറിനെതിരെ നടപടിയെടുക്കൂ എന്ന കടുംപിടിത്തത്തിലാണ് മുഖ്യമന്ത്രി. ഈ മാസം 13നു പൊലീസ് ആസ്ഥാനത്ത് വിളിച്ചുവരുത്തി അജിത്കുമാറിനെ ഡി.ജി.പി ചോദ്യംചെയ്തിരുന്നു.

## എ.ഡി.ജി.പിയെ കൈവിടാതെ മുഖ്യമന്ത്രി; തീരുമാനം അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം മാത്രം

തിരു : സി.പി.ഐ അടക്കമുള്ള ഘടകകക്ഷികളുടെ കടുത്ത സമ്മർദങ്ങൾക്കിടയിലും എ.ഡി.ജി.പി എം.ആർ. അജിത് കുമാറിനെ കൈവിടാതെ മുഖ്യമന്ത്രി. എ.ഡി.ജി.പിയെ തൽക്കാലം മാറ്റില്ല, അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രം തീരുമാനമെടുക്കുമെന്നാണ് മുഖ്യമന്ത്രി മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് മറുപടി നൽകിയത്.

വിവാദങ്ങളുടെ പശ്ചാത്തലത്തിൽ ക്രമസമാധാനച്ചുമതലയിൽ നിന്ന് എ.ഡി.ജി.പി എം.ആർ. അജിത്കുമാറിനെ നീക്കാൻ സി.പി.ഐ അടക്കമുള്ളവർ ആവശ്യപ്പെട്ടിരുന്നു. അജിത്കുമാറിനെതിരായ ആരോപണങ്ങൾ ഗൗരവതരമാണെന്ന് പറഞ്ഞ മുഖ്യമന്ത്രി, തൃശൂർ പൂരം കലക്കിയതുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് ഈമാസം 24ന് ലഭിക്കുമെന്നും വ്യക്തമാക്കി. ഡി.ജി.പിയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലേ അജിത്കുമാറിനെതിരെ നടപടിയെടുക്കൂ എന്ന കടുംപിടിത്തം വീണ്ടും ആവർത്തിക്കുകയാണ് മുഖ്യമന്ത്രി ചെയ്തത്.

## കവിയൂർ പൊന്നമ്മക്ക് അന്ത്യാഞ്ജലി

ഇന്നലെ അന്തരിച്ച മലയാള സിനിമയുടെ അമ്മ കവിയൂർ പൊന്നമ്മക്ക് സിനിമാ മേഖലയിലെ ആയിരങ്ങൾ അന്ത്യാഞ്ജലികൾ അർപ്പിച്ചു വരുന്നു. 12 മണിവരെ കളമശേരി ടൗൺഹാളിലെ പൊതുദർശനത്തിനു ശേഷം വൈകീട്ട് 4 മണിക്ക് ആലുവക്ക് സമീപം കരുമാലൂരിലെ



വീട്ടുവളപ്പിൽ സംസ്കാരം നടത്തും.

## 'മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിക്ക് വേറെ അജണ്ടയുണ്ടോയെന്ന് പരിശോധിക്കണം, കോടികൾ വാങ്ങിയോ'

മലപ്പുറം: മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി ശശിക്കെതിരേ വീണ്ടും ഇടത് എംഎൽഎ പി വി അൻവർ. പി ശശിക്ക് വേറെ അജണ്ടയുണ്ടോ എന്ന് പരിശോധിക്കണമെന്നും അല്ലെങ്കിൽ ഒരാൾക്ക് ഇങ്ങനെ വീഴ്ചകൾ പറ്റുമോയെന്നും അൻവർ ചോദിച്ചു. പോലീസിന്റെ വയർലെസ് മെസേജടക്കം ചോർത്തിയയാൾക്കെതിരേ നിയമനടപടിയുമായി പോയപ്പോൾ അതിന് തടയിട്ടവരാണ് ശശിയും അജിത് കുമാറും. കോടികൾ വാങ്ങിയിട്ടു തന്നെയാണ് തടയിട്ടത്. അതിൽ ശശിക്ക് എന്തെങ്കിലും കിട്ടിയോയെന്ന് എനിക്കറിയില്ലെന്നും അൻവർ പറഞ്ഞു.



'പാർട്ടിയെ പ്രതിസന്ധിയിലെത്തിച്ചിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം പൊളിറ്റിക്കൽ സെക്രട്ടറിക്കാണ്.അദ്ദേഹത്തിന്റെ അപ്രമാദിത്വവും കാഴ്ചപ്പാടുകളും കണക്കിലാക്കിയാണ് പാർട്ടി ഈയൊരു പൊസിഷനിലിരുത്തിയത്. അങ്ങനെയുള്ള ഒരാൾക്ക് ഇങ്ങനെ വീഴ്ചകൾ പറ്റുമോ. അവിടെയാണ് അദ്ദേഹത്തിന് വേറെ അജണ്ടയുണ്ടോ എന്നാലോചിക്കണമെന്ന് ഞാൻ പറയുന്നത്. അങ്ങനെ സിഎമ്മും പൊതുസമൂഹവും പാർട്ടിയും ജനങ്ങളുമായുള്ള ബന്ധത്തിന്റെ മറയായിട്ടാണ് പി ശശി നിന്നിട്ടുള്ളത്. അല്ലെങ്കിൽ ഇങ്ങനെയൊക്കെ സംഭവിക്കുമോ. താഴേക്കിടയിൽ നിന്ന് വിവരം കിട്ടില്ലേ പാർട്ടിക്ക്, സിഎമ്മിന് അതുണ്ടായിട്ടില്ല' -അൻവർ പറഞ്ഞു

കേരളത്തിലെ മതസൗഹാർദം തകർക്കാൻ രാപ്പകൽ അധ്വാനിക്കുന്ന ഒരു രാഷ്ട്രവിരുദ്ധൻ, രാജ്യദ്രോഹ കുറ്റമായ പോലീസിന്റെ വയർലെസ് മെസേജടക്കം ചോർത്തി ജനങ്ങളുടെ മുമ്പിൽ പ്രക്ഷേപണം ചെയ്തിട്ട് അവനെതിരേ നിയമനടപടിയുമായി പോയപ്പോൾ അതിന് തടയിട്ടവരാണ് ശശിയും അജിത് കുമാറും. കോടികൾ വാങ്ങിയിട്ടുതന്നെയാണ് തടയിട്ടത്. അത് ശശിക്ക് എന്തെങ്കിലും കിട്ടിയോയെന്ന് എനിക്കറിയില്ല. എം.ആർ അജിത്കുമാറിന് കിട്ടിയെന്ന് ഉറപ്പാണ്.

വയർലെസ് ചോർത്തിയ കേസിൽ കൃത്യമായ കുറ്റപത്രം കൊടുക്കാൻ പോലീസ് തയ്യാറായിട്ടില്ല. എന്താണ് പൊളിറ്റിക്കൽ സെക്രട്ടറി കൃത്യമായി ഇടപെടാത്തത്. അതുതന്നെയാണ് വിഷയമെന്നും അൻവർ കൂട്ടിച്ചേർത്തു.

## എം.എം. ലോറൻസ് അന്തരിച്ചു



സിപിഎം മുൻ കേന്ദ്ര കമ്മിറ്റിയംഗം എം.എം.ലോറൻസ് (95) കൊച്ചിയിൽ അന്തരിച്ചു. വാർധക്യ സഹജമായ അസുഖത്തെതുടർന്ന് ചികിത്സയിലായിരുന്നു. മുതിർന്ന സിപിഎം നേതാവ്. സിപിഎം കേന്ദ്ര കമ്മറ്റി അംഗം, സി.ഐ.ടി.യു ദേശീയ വൈസ് പ്രസിഡന്റ്, സെക്രട്ടറി, സംസ്ഥാന ജനറൽ സെക്രട്ടറി, എൽ ഡി എഫ് കൺവീനർ തുടങ്ങിയ പദവികൾ വഹിച്ചു. ഇടപ്പള്ളി പൊലീസ് സ്റ്റേഷൻ ആക്രമണക്കേസിൽ 22 മാസം തടവിലായിരുന്നു. അടിയാന്തരാവസ്ഥയുൾപ്പെടെ വ്യത്യസ്ത കാലങ്ങളിലായി ആറു വർഷം കൂടി ജയിൽവാസമനുഷ്ഠിച്ചു. തോട്ടിത്തൊഴിലാളികൾ, തുറമുഖത്തൊഴിലാളികൾ, ട്രാൻസ്പോർട്ട് മർച്ചന്റ് ഷിപ്പിങ് തൊഴിലാഴികൾ തുടങ്ങി നിരവധി ട്രേഡ് യൂണിയനുകളുടെ ഭാരവാഹിയായിരുന്നു. 1980ൽ ഇടുക്കിയിൽ നിന്ന് ലോക്സഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

## ബസ് സമരം മാറ്റിവെച്ചു

തൃശൂർ– കൊടുങ്ങല്ലൂർ റൂട്ടിൽ സ്വകാര്യ ബസുകൾ നടത്തി വരുന്ന അനിശ്ചിതകാല പണിമുടക്ക് മാറ്റിവെച്ചു. എ.ഡി.എമ്മുമായി കോ– ഓർഡിനേഷൻ കമ്മിറ്റി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് തീരുമാനം.

## പ്രതികൾ അറസ്റ്റിൽ

തൃശൂർ: നടത്തറയിലെ ബാറിൽ വെച്ച് യുവാവിനെ ആക്രമിച്ച കേസിൽ 2 പേർ അറസ്റ്റിൽ. നടത്തറ ജൂബിലി നഗർ സ്വദേശി പുളിക്കൻ വീട്ടിൽ രാജേഷ്, സഹോദരൻ ബനേഷ് എന്നിവരെയാണ് ഒല്ലൂർ പോലീസ് അറസ്റ്റ് ചെയ്തത്.

## മൺകൂന ഇടിഞ്ഞുവീണ് തൊഴിലാളി മരിച്ചു

തൃശ്ശൂർ : മുളങ്കുന്നത്തുകാവിൽ കെട്ടിട നിർമാണത്തിനിടയിൽ മൺകൂന ഇടിഞ്ഞ് വീണ് ഇതരസംസ്ഥാന തൊഴിലാളി മരിച്ചു.പശ്ചിമ ബംഗാൾ പർഗാനാസ് സൗത്ത് സ്വദേശി നജീബുൾ റഹിമാൻ ഖാൻ (29) ആണ് മരിച്ചത്.

# ശശിയെ മാറ്റില്ല

തിരു: തന്റെ പൊളിറ്റിക്കൽ സെക്രട്ടറി പി ശശിയെ മാറ്റില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കി. അദ്ദേഹം യാതൊരു തെറ്റും ചെയ്തിട്ടില്ല. നിയമവിധേയമായാണ് പ്രവർത്തിക്കുന്നത്.

പി വി അൻവറിനെ തള്ളിക്കൊണ്ടാണ് മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ വിശദീകരണം നൽകിയത്. കമ്മ്യൂണിസ്റ്റുകാരന്റെ നിലപാടല്ല അൻവറിനുള്ളത്. കമ്മ്യൂണിസ്റ്റുകാരനാണെന്ന് അദ്ദേഹം സ്വയം പറയുന്നുണ്ടെങ്കിലും അങ്ങനെയല്ല അദ്ദേഹത്തിന്റെ ഇടപെടലുകളെന്ന് മുഖ്യമന്ത്രി വിശദീകരിച്ചു. അൻവറല്ല, ആരുപറഞ്ഞാലും അതേപടി കേൾക്കുന്ന ആളല്ല ശശിയെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

സ്വർണ്ണക്കടത്തുകാർക്കു വേണ്ടിയാണോ അൻവറിന്റെ ആരോപണങ്ങളെന്ന് അദ്ദേഹം സംശയം പ്രകടിപ്പിച്ചു. കോൺഗ്രസിന്റെ പാരമ്പര്യമാണ് അൻവറിനുള്ളതെന്ന് പറഞ്ഞ് പൂർണ്ണമായും ഇടതുപക്ഷ എം എൽ എ ആയ അൻവറിനെ തള്ളിപ്പറയുകയാണ് മുഖ്യമന്ത്രി ചെയ്തത്. പാർട്ടിയിൽ തനിക്കെതിരെയുള്ള നീക്കത്തിനെതിരെ കടന്നാക്രമിക്കാൻ തന്നെയാണ് തന്റെ തീരുമാനമെന്ന് വ്യക്തമാക്കുന്നതായിരുന്നു മുഖ്യമന്ത്രിയുടെ നിലപാട്.

2 മണിക്കൂർ നീണ്ടുനിന്ന പത്രസമ്മേളനം മുഖ്യമന്ത്രി അവസാനിപ്പിച്ചത് ഇനിയും ഇടയ്ക്കിടക്ക് നമുക്ക് കാണേണ്ടിവരുമെന്ന് പറഞ്ഞുകൊണ്ടാണ് അവസാനിപ്പിച്ചത്.

## ഭീഷണിപ്പെടുത്തിയ കേസിൽ ജാമ്യത്തിലിറങ്ങിയതിന് പിന്നാലെ ബി.ജെ.പി. എം എൽ എ പീഡനക്കേസിൽ അറസ്റ്റിൽ

ബെംഗളൂരു: ബെംഗളൂരു കോർപ്പറേഷനിലെ കരാറുകാരനോട് കൈക്കൂലി ആവശ്യപ്പെട്ട് ഭീഷണിപ്പെടുത്തിയ കേസിൽ ജാമ്യത്തിലിറങ്ങിയ ബി.ജെ.പി. എം.എൽ.എ.യും മുൻമന്ത്രിയുമായ മുനിരത്ന വീണ്ടും അറസ്റ്റിൽ. സാമൂഹികപ്രവർത്തകയായ 40–കാരി നൽകിയ ലൈംഗികപീഡന പരാതിയിലാണ് പുതിയ അറസ്റ്റ്.

വെള്ളിയാഴ്ച രാവിലെ ജയിലിൽനിന്ന് ജാമ്യത്തിലിറങ്ങാനുള്ള നടപടികൾ പൂർത്തിയാക്കിയയുടൻ സ്ഥലത്തുണ്ടായിരുന്ന കഗ്ഗദാസപുര പോലീസ് മുനിരത്നയെ കസ്റ്റഡിയിലെടുത്തു. വ്യാഴാഴ്ച രാത്രിതന്നെ പോലീസ് ജയിൽപരിസരത്ത് നിലയുറപ്പിച്ചിരുന്നു.

2020 മുതൽ 2022 വരെ പല തവണ ലൈംഗികാതിക്രമം നടത്തിയെന്നാണ് യുവതി മുനിരത്നയുടെപേരിൽ പോലീസിൽ നൽകിയ പരാതി.

ഇതുപ്രകാരം ബുധനാഴ്ച രാത്രിയാണ് പോലീസ് പീഡനക്കേസ് രജിസ്റ്റർചെയ്തത്. അതിനിടെ കരാറുകാരനെ ഭീഷണിപ്പെടുത്തിയ കേസിൽ വ്യാഴാഴ്ച വൈകീട്ട് ബെംഗളൂരുവിലെ ജനപ്രതിനിധികൾക്കുള്ള പ്രത്യേക കോടതി മുനിരത്നയ്ക്ക് ജാമ്യം അനുവദിക്കുകയും ചെയ്തു. തുടർന്നാണ് മുനിരത്ന ജാമ്യത്തിലിറങ്ങുമ്പോൾത്തന്നെ അറസ്റ്റുചെയ്യാൻ പോലീസ് ജയിൽ പരിസരത്ത് കാത്തുനിന്നത്.

കഴിഞ്ഞ ശനിയാഴ്ചയാണ് കോലാറിലെ മുൾബാഗിലുവിൽനിന്ന് മുനിരത്നയെ പോലീസ് അറസ്റ്റുചെയ്തത്. ഭീഷണിപ്പെടുത്തിയതിനുപുറമേ പട്ടികവിഭാഗങ്ങൾക്കുനേരേയുള്ള അതിക്രമങ്ങൾക്കെതിരേയുള്ള വകുപ്പുകളും ചുമത്തിയാണ് ആദ്യത്തെ അറസ്റ്റ്.

## കത്തിക്കയറി സ്വർണം; കേരളത്തിലെ സ്വർണവില സർവകാല ഉയരത്തിൽ

തൃശൂർ: കേരളത്തിൽ സ്വർണ വിലയിൽ വലിയ മുന്നേറ്റം. ഇന്ന് പവന് 600 രൂപ വർധിച്ച് 55,680 രൂപയും ഗ്രാമിന് 75 രൂപ വർധിച്ച് 6,960 രൂപയിലുമെത്തി. കേരളത്തിൽ ഇതുവരെ രേഖപ്പെടുത്തിയ ഏറ്റവും ഉയർന്ന വിലയാണിത്. 2024 മേയ് 20തിന് രേഖപ്പെടുത്തിയ പവന് 55,120 രൂപയാണ് പഴങ്കഥയായത്. രാജ്യാന്തര വിപണിയിൽ വെള്ളിയാഴ്ച സർവകാല ഉയരം തൊട്ടതിന് പിന്നാലെയാണ് കേരളത്തിലും സ്വർണ വില കുതിക്കുന്നത്. രണ്ട് ദിവസത്തിനിടെ കേരള വിപണിയിൽ 1,080 രൂപയാണ് പവന് വർധിച്ചത്.

## COURT NOTICE

**BEFORE THE HON'BLE ARBITRATION TRIBUNAL**
**SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,**
**AYYANTHOLE SOUTH, NEAR NEW COURT COMPLEX**
**THRISSUR - 680003**

**ACP No. 132/2024**

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567

-Petitioner

**1. Mrs. Saraswathi,** aged 50 years, W/o ChandranAttayilpadi House, Kottapadam,Aloor, Pattithara, Trithala, Palakkad District. Kerala. 679534.

**2. Mr. Subeesh A,** aged 31 years, S/o Chandran, Attayilpadi House, Kottapadam, Aloor, Pattithara, Trithala, Palakkad District, Kerala. 679534

**3. Mr. Sujith,** aged 27 years,S/o Chandran, Attayilpadi House, KottapadamAloor, Pattithara, Trithala, Palakkad District, Kerala. 679534

**4. Mr. Chandran**, aged 57 years , S/o Chammini, Attayil padi House,Kottapadam ,Aloor, Pattithara, Trithala, Palakkad District, Kerala. 679534

**5. Mrs. Kochi,** aged 72 years, W/o Chathappan, Kattumpalath House, Kottapadam, Pattithara, Trithala Palakkad District, Kerala. 679534

**6. Mrs. Janaki,** aged 48 years, W/o. Sankaranarayanan, Edappalam House, Anakkara, Malamakkavu P.O, Palakkad District, Kerala. 679554

- Respondents

The above numbered case is posted to **27.09.2024** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer

## 'സോളാർകേസ് അട്ടിമറിച്ചതിനുള്ള കൈക്കൂലി'; അജിത് കുമാർ ഫ്ളാറ്റ് വാങ്ങി മറിച്ചുവിറ്റു: അൻവർ

മലപ്പുറം: എഡിജിപി എം.ആർ അജിത് കുമാറിനെതിരേ വീണ്ടും ആരോപണങ്ങളുമായി ഇടത് എംഎൽഎ. പി.വി അൻവർ. അജിത് കുമാർ കള്ളപ്പണം വെളുപ്പിച്ചെന്നും കൈക്കൂലി പണം ഉപയോഗിച്ച് ഫ്ളാറ്റുകൾ വാങ്ങി മറിച്ചുവിറ്റെന്നും അൻവർ പറഞ്ഞു. സോളാർ കേസ് അട്ടിമറിച്ചതിനുള്ള കൈക്കൂലി പണമാണ് ഇതെന്നും അൻവർ ആരോപിച്ചു.

'എഡിജിപി കവടിയാറിൽ 33.8 ലക്ഷം രൂപ നൽകി 2016 ഫെബ്രുവരിയിൽ സ്വന്തം പേരിൽ ഫ്ളാറ്റ് വാങ്ങി. തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പാണ് ഇത് വാങ്ങുന്നത്. പത്ത് ദിവസം കഴിഞ്ഞ് ഇത് വിൽക്കുകയാണ്. 33 ലക്ഷം രൂപയക്ക് വാങ്ങിയ പ്രോപ്പർട്ടി വിൽക്കുന്നത് 65 ലക്ഷം രൂപയ്ക്ക്. ഇരട്ടി വിലക്ക്. എവിടെ നിന്ന് കിട്ടി ഈ പണം. ഇത് കൈക്കൂലിയായി സോളാർ കേസ് അട്ടിമറിക്കാൻ കിട്ടിയ പണമാണ്' അൻവർ പറഞ്ഞു

ഇത്തരത്തിൽ 32 ലക്ഷം രൂപ വൈറ്റായി. എഡിജിപി കൈക്കൂലി വാങ്ങി ഫ്ളാറ്റുകൾ വാങ്ങുകയാണെന്നും അൻവർ പറഞ്ഞു. രജിസ്ട്രേഷന്റെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ മാത്രം 4.7 ലക്ഷം രൂപയുടെ അഴിമതി നടന്നിട്ടുണ്ട്. ഇത് അധികാരദുർവിനിയോഗത്തിൽ വരുന്നതാണ്. വിജിലൻസ് അന്വേഷിക്കേണ്ടതാണെന്നും അൻവർ കൂട്ടിച്ചേർത്തു.

ആഭ്യന്തര വകുപ്പിനെതിരെ ഉയരുന്ന ആരോപണങ്ങൾക്കും വിമർശനങ്ങൾക്കുമിടെ മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനം നടത്തുന്നതിന് മുമ്പായിട്ടായിരുന്നു അൻവർ മാധ്യമങ്ങളെ കണ്ടത്.

## സ്മരണാഞ്ജലി

67–ാം ചരമവാർഷികം



ശ്രീ കൊളത്താപ്പള്ളി പോതായൻ നമ്പൂതിരി

സ്ഥാപകൻ

KP NAMBOODIRI'S

സഹകരണ ലാബ്
പുതുക്കാട് വ്യാപാരി വ്യവസായി സഹകരണസംഘം R.–1153
Ph: 0480-2753023
സഹകരണ ഹൈടെക് ക്ലീനിക്കൽ ലബോറട്ടറി, ഇ.സി.ജി
(മൾട്ടി സ്പെഷ്യാലിറ്റി ഫുള്ളി കംപ്യൂട്ടറൈസ്ഡ് ക്ലീനിക്കൽ A/c. ലബോറട്ടറി)
കൊടിയൻ ഹൈപ്പർ ബസാർ ബിൽഡിംങ്, ബസാർ റോഡ്, പുതുക്കാട്
ഫോൺ : 8594006778, 9496905590, Email : sahakaranalabpkd@gmail.com

വളരെ കുറഞ്ഞ നിരക്കിൽ പ്രവർത്തിക്കുന്ന സഹകരണ ലാബ്
കേരള സർക്കാർ സഹകരണ വകുപ്പിനു കീഴിലുള്ള സ്ഥാപനം.
ലാബ് പ്രവർത്തന സമയം : രാവിലെ 7 മുതൽ വൈകീട്ട് 6 വരെ. ഞായർ രാവിലെ 7 മുതൽ 12 വരെ.
KSC Kodiyan Scanning Centre
കൊടിയൻ സ്കാനിംഗ് സെന്റർ
കൊടിയൻ ഹൈപ്പർ മാർക്കറ്റ് ബിൽഡിംഗ്, ബസാർ റോഡ്, പുതുക്കാട്
ഫോൺ : 7025841134, 9496905590, Email : kodiyanscanning2020@gmail.com
പരിശോധന സമയം : തിങ്കൾ, വ്യാഴം ഉച്ചതിരിഞ്ഞ് 3.30 മുതൽ
ബുക്കിങ്ങിന് ബന്ധപ്പെടേണ്ട നമ്പർ : 7025841134, 9496905590

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# ചാവക്കാട് ജയിലിൽ നിയമാവബോധ ക്ലാസ്സ് നടന്നു



ചാവക്കാട് : സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ പ്രത്യേക നിർദ്ദേശപ്രകാരം കേരളത്തിലെ ജയിലുകളിലെ അന്തേവാസികൾക്ക്, സുപ്രിംകോർട്ടിൽ സൗജന്യ നിയമ സഹായം ലഭിക്കുന്നതിനായുള്ള മാർഗങ്ങളെ പറ്റി അവബോധം നൽകുന്നതിനായി നടത്തി വരുന്ന നിയമസാക്ഷരതാ പരിപാടി ചാവക്കാട് സബ് ജയിലിൽ സംഘടിപ്പിച്ചു . ചാവക്കാട് താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റിയുമായി സഹകരിച്ച് നടത്തിയ ക്ലാസ്സിൽ സുപ്രീംകോർട്ട് ലീഗൽ സർവീസ് കമ്മിറ്റിയുമായി ബന്ധപ്പെടാനുള്ള മാർഗങ്ങളെ പറ്റിയും കൂടാതെ ഇത്തരത്തിൽ നിയമസഹായം ലഭിക്കുന്ന മേഖലകളെ കുറിച്ചും അന്തേവാസികൾക്ക് അവബോധം നൽകി.

ക്ലാസ്സിന് പാനൽ ലോയർ അഡ്വക്കേറ്റ് സുജിത് അയിനിപ്പുള്ളി നേതൃത്വം നൽകി. ചടങ്ങിൽ ചാവക്കാട് താലൂക്ക് ലീഗൽ സർവിസ് കമ്മിറ്റി പാരാലീഗൽ വോളണ്ടിയർ ബിജിത കെ. ബി. , സബ്ജയിൽ പ്രതിനിധി മുഹമ്മദ് താരീഷ് എന്നിവർ പ്രസംഗിച്ചു.

# സെപ്റ്റംബർ 21ന് ലോക അൽഷിമേഴ്സ് ദിനം

തിരു: അൽഷിമേഴ്സ് രോഗത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനായി എല്ലാ വർഷവും സെപ്റ്റംബർ 21-ന് ലോക അൽഷിമേഴ്സ് ദിനം ആചരിക്കുന്നു. അൽഷിമേഴ്സ് എന്ന രോഗാവസ്ഥയെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കുന്നതിനും ആളുകളെ ബോധവൽക്കരിക്കുവാനും ഈ ന്യൂറോളജിക്കൽ ഡിസോർഡർ ബാധിച്ച ആളുകളെ കൈകാര്യം ചെയ്യുവാൻ കഴിയുന്ന ശാസ്ത്രീയ പരിചരണ രീതികൾ പ്രചരിപ്പിക്കുവാനും ഈ ദിവസം നമുക്ക് ഉപയോഗപ്പെടുത്താം. ഇത്തരത്തിൽ ശാസ്ത്രീയമായ പരിചരണവും പിന്തുണയും നൽകിയാൽ ആസ്വാദ്യകരമായ ജീവിതം നയിക്കാൻ അൽഷിമേഴ്സ് രോഗികളെ സഹായിക്കുവാൻ നമുക്കാകും.

സംസ്ഥാന ജനസംഖ്യയുടെ12.6 ശതമാനം 65 വയസ്സിൽ കൂടുതൽ പ്രായമുള്ളവരാണ് കേരളത്തിൽ. പ്രായമേറും തോറും വിവിധങ്ങളായ ശാരീരിക ബുദ്ധിമുട്ടുകളും മാനസിക പ്രയാസങ്ങളും മറ്റു പ്രശ്നങ്ങളും വന്നുചേരുന്നവരാണിവരിൽ ഭൂരിഭാഗവും. ഈ പ്രയാസങ്ങളിൽ ഏറെ ഗൗരവമായ വ്യക്തിഗത-സാമൂഹ്യ പ്രയാസങ്ങൾ സൃഷ്ടിക്കുന്ന അവസ്ഥയാണ് മേധാക്ഷയം, സ്മൃതിനാശം തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന ഓർമ്മക്കുറവ്.

## അറിയിപ്പ്

തൃശൂർ: 24.09.2024 മുതൽ കൂർക്കഞ്ചേരി-കുറുപ്പം റോഡ് കോൺക്രീറ്റ് റോഡ് നിർമ്മാണവുമായി ബന്ധപെട്ട് ട്രാഫിക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. ഹെവി ട്രാഫിക് വാഹനങ്ങൾ ചിയ്യാരം കണ്ണംകുളങ്ങര വഴി ശക്തൻ സ്റ്റാൻറിൽ പോകേണ്ടതും ചെറു വാഹനങ്ങൾ നെടുപുഴ, സോമിൽ റോഡ് വഴി പോകേണ്ടതുമാണെന്ന് കോർപ്പറേഷൻ പോലീസ് ബസ് ഓണേഴ്സ് മീറ്റിംഗിൽ തീരുമാനിച്ചിട്ടുള്ളതാണ്. പൊതുജനങ്ങൾ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# 51-ാം ചരമദിനമാചരിക്കുന്ന സാമൂഹ്യ പ്രവർത്തകനായിരുന്ന പി.ഐ. ജോസ്



മികച്ച മതാദ്ധ്യാപകൻ, ഹെഡ്മാസ്റ്റർ, അത്മായ നേതാവ്, വിവിധ സംഘടനാഭാരവാഹി, പള്ളി ട്രസ്റ്റി, മദ്യനിരോധന പ്രവർത്തകൻ, പാസ്റ്ററൽ കൗൺസിൽ അംഗം, കുടുംബകൂട്ടായ്മ-തൃശൂർ ഹെൽത്ത് കെയർ സൊസൈറ്റി എന്നിവയുടെ സ്ഥാപക പ്രവർത്തകൻ, ഗാന്ധിയൻ, സാംസ്കാരിക പ്രവർത്തകൻ തുടങ്ങിയ നിലകളിൽ തൃശൂർ പട്ടണത്തിൽ നിറഞ്ഞുനിന്ന വ്യക്തിത്വമായിരുന്ന പി.ഐ. ജോസ് പനംകുള (അരണാട്ടുകര) ത്തിന്റെ 51-ാം ചരമദിനമാണിന്ന് (22-9-2024).

തൃശൂരിൽ കച്ചവടക്കാരനായിരുന്ന പനംകുളം ഇനാശുവിന്റേയും ചിറയത്ത് പള്ളായി അന്നമ്മയുടേയും മകനായി 1945 മെയ് 24ന് ജനിച്ച ജോസ് തൃശൂർ സെന്റ് തോമസ് ഹൈസ്കൂളിലെ പഠനത്തിനു ശേഷം പ്രൈവറ്റായി പ്രീഡിഗ്രി പാസ്സായി. തുടർന്ന് സെൻട്രൽ വെയർഹൗസിങ്ങ് കോർപ്പറേഷൻ ഡൽഹി ഓഫീസിൽ ജോലിയിൽ പ്രവേശിച്ചു. പിന്നീട് ബാംഗ്ളൂർ, ഗോവ, പൂത്തോൾ, കുരിയച്ചിറ തുടങ്ങിയ സ്ഥലങ്ങളിൽ ജോലി ചെയ്ത് ബോംബെയിൽനിന്ന് സൂപ്രണ്ടായി റിട്ടയർ ചെയ്തു.

പഠിക്കുന്ന കാലത്തുതന്നെ സ്വന്തം ഇടവകയായ തൃശൂർ ബസ്ലിക്ക ഇടവകയിൽ അൾത്താരസംഘം, സൊഡാലിറ്റി, കാത്തലിക് യൂണിയൻ തുടങ്ങിയ സംഘടനകളിൽ സജീവമായി തുടർന്ന് മതാദ്ധ്യാപകനായി 50 വർഷത്തിലധികം പ്രവർത്തിച്ച് ഏതാനും വർഷം ഹെഡ്മാസ്റ്ററുമായി. കൂടാതെ ലീജിയൻ ഓഫ് മേരി, കുടുംബകൂട്ടായ്മ, ഹെൽത്ത് കെയർ സൊസൈറ്റി, മദ്യവിരുദ്ധ സമിതി, കാത്തലിക്ക് യൂണിയൻ തുടങ്ങിയ സംഘടനകളിൽ വിവിധ ചുമതലകൾ വഹിച്ചുവെന്നതിനു പുറമേ ഇടവകയിലെ മുഴുവൻ പ്രവർത്തനങ്ങളിലും എന്നും അദ്ദേഹം നിറസാന്നിദ്ധ്യമായിരുന്നു. 2005ൽ അരണാട്ടുകര ഇടവകയിലേക്ക് താമസം മാറിയപ്പോൾ അവിടെ ദർശനസഭ, കുടുംബകൂട്ടായ്മ തുടങ്ങിയ സംഘടനകളിൽ ഭാരവാഹിയായി പ്രവർത്തിച്ചു. അതാതുകാലത്തെ ബിഷപ്പുമാരുമായും രൂപതാ ഇടവകതലത്തിലുള്ള ബഹു. വൈദികരുമായും ഉറ്റ സൗഹൃദം സൂക്ഷിച്ചിരുന്ന അത്മായനുമായിരുന്നു അദ്ദേഹം.

ഇതിനുപുറമെ പൊതുസമൂഹത്തിൽ അറിയപ്പെടുന്ന ഒരു സംഘാടകനും പ്രവർത്തകനുമായിരുന്നു ജോസ്. ചെറുപ്പത്തിൽ മലയാള മനോരമ ബാലജനസഖ്യത്തിന്റെ ജില്ലയിലെ ഓർഗനൈസർമാരായ അഡ്വ. വി.എൻ. നാരായണൻ, ഐ.പി. പോൾ എന്നിവരോടൊത്തു പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ ജില്ല മദ്യനിരോധന സമിതി, ഹിന്ദി പ്രചാരസഭ, സി. അച്ച്യുതമേനോൻ സ്മാരക സമിതി (ആശ), സഹൃദയവേദി, കാൻഫെഡ്, അർണോസ് പാതിരി അക്കാദമി, ഗാന്ധി പീസ് ഫൗണ്ടേഷൻ, മേരിവിജയം സാഹിത്യസമിതി, കേരള ഹിസ്റ്ററി കോൺഗ്രസ്, ഇന്ത്യൻ നാഷണൽ കോൺഗ്രസ് ബൂത്ത് കമ്മിറ്റി തുടങ്ങിയ സംഘടനകളിൽ വിവിധ ഭാരവാഹിത്വം വഹിച്ചു. തൃശൂർ പബ്ലിക് ലൈബ്രറി അംഗമെന്ന നിലയിൽ അവിടെത്തെ സജീവ പ്രവർത്തകനായിരുന്നു. എന്നാൽ 3 വർഷമായി ആരോഗ്യപ്രശ്നങ്ങളാൽ എല്ലാത്തിൽനിന്നും വിരമിച്ച് വിശ്രമത്തിലായിരുന്നു.

**കുടുംബം:** ഭാര്യ: റോസി ഇഞ്ചോടി, തൃശൂർ. **മക്കൾ:** ജോയ്സി, (ഫെഡറൽ ബാങ്ക്), ജെയ്സൺ (ബിസിനസ്), ജസ്റ്റിൻ (എക്കൗണ്ടന്റ്, ബോംബെ), ജോഷി (ഐ.ടി, ബാഗ്ലൂർ)

മരുമക്കൾ: ജോസ് ചേറ്റുപുഴക്കാരൻ (ബിസിനസ്, മണ്ണുത്തി), ഗ്ലോബി കണ്ണനായ്ക്കൽ, വടക്കാഞ്ചേരി (ആർ. ബി.എൽ. ബാങ്ക്, പൂങ്കുന്നം), ഫ്രിജി പുല്ലോക്കാരൻ, തൃശൂർ, ബെൻസി വടക്കൻ (അമല ലാബ്), ഏനാമാവ് എന്നിവരാണ്.

സഹോദരങ്ങൾ: ആന്റണി (റിട്ട. സെൻട്രൽ വെയർഹൗസ്), ജോണി (റിട്ട. എയർ ഫോഴ്സ്), കൊച്ചുപോൾ, റാഫേൽ (രണ്ടുപേരും റിട്ട. സെൻട്രൽ വെയർഹൗസ്). സഹോദരിമാർ: സിസ്റ്റർ വിക്ടോറിയ (കഞ്ചിക്കോട്), മറിയാമ്മ ചാക്കോ ചിറ്റിലപ്പിള്ളി, പറപ്പൂർ (റിട്ട. ടീച്ചർ), തങ്കമ്മ പൗലോസ് കാട്ടൂക്കാരൻ, ഒല്ലൂർ, എലിസബത്ത് (ഹോം ഓഫ് ലൗ, മുളയം) എന്നിവരാണ്.

79 വർഷം നീണ്ടുനിന്ന സജീവ പൊതു പ്രവർത്തനത്തിന് 2-8-2024ന് തിരശ്ശീല വീണപ്പോൾ തൃശൂരിന്റെ സാമൂഹ്യ-സാംസ്കാരിക രംഗത്തിന് ഒരു നേതാവുകൂടി നഷ്ടപ്പെടുകയായിരുന്നു. ആദരാഞ്ജലികൾ!


**ബേബി മൂക്കൻ**

# സെന്റ് ജോസഫ്സ് കോളജിന് ഗോവ രാജ്ഭവന്റെ ആതിഥ്യം



ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് കോളജിന് ഗോവ രാജ്ഭവനിൽ നടന്ന പ്രത്യേക പരിപാടിയിലേക്ക് ക്ഷണം ലഭിച്ചു.ഗോവ ഗവർണർ പി. എസ് ശ്രീധരൻ പിള്ള സംഘടിപ്പിച്ച പ്രാചീന വൃക്ഷ ആയുർവേദ ചികിത്സയുമായി ബന്ധപ്പെട്ടൊരുക്കിയ പരിപാടിയിലേക്കാണ് അതിഥ്യം ലഭിച്ചത്. ഗവർണർ പി. എസ് ശ്രീധരൻ പിള്ള രചിച്ച 'വാമന വൃക്ഷ കല ' എന്ന പുസ്തകത്തെ അധികരിച്ച് ഗവേഷണം നടത്തുന്ന ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും കോളജ് ഐക്യു എ സി കോർഡിനേറ്ററുമായ ഡോ. ബിനു ടി.വി, ഗണിതശാസ്ത്രജ്ഞനായ സംഗമഗ്രാമ മാധവനെ കുറിച്ച് ഗവേഷണം നടത്തുന്ന മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ലിറ്റി ചാക്കോ, കെമിസ്ട്രി വിഭാഗം അസി. പ്രൊഫസർ ഡോ. സിസ്റ്റർ ഹെൽന, പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബ്ലെസി എന്നിവരാണ് പ്രത്യേക ക്ഷണിതാക്കളായി ചടങ്ങിൽ പങ്കെടുത്തത്. ഡോ. ടി.വി.ബിനുവിന്റെ പ്രബന്ധ രൂപരേഖ ചടങ്ങിൽ ഗവർണർക്കു സമർപ്പിച്ചു. ഗോവ മുഖ്യമന്ത്രി ഡോ. പ്രമോദ് സാവന്ത്, കോട്ടയ്ക്കൽ ആര്യ വൈദ്യ ശാല മാനേജിംഗ് ട്രസ്റ്റി ഡോ . പി എം. വാര്യർ, ആര്യ വൈദ്യശാല കോയമ്പത്തൂർ മാനേജിംഗ് ഡയറക്ടർ ശ്രീ ദേവിദാസ് വാര്യർ തുടങ്ങിയവർ ചടങ്ങിൽ മുഖ്യാതിഥികളായിരുന്നു. കോളജ് ലൈബ്രറിയിലേക്ക് ധാരാളം പുസ്തകങ്ങൾ അദ്ദേഹം സമ്മാനമായി നൽകി. ഇന്ത്യൻ നോളജ് സിസ്റ്റത്തിന്റെ ( കഗട) ഭാഗമായി സെന്റ് ജോസഫ്സ് നടത്തുന്ന ഗവേഷണങ്ങളെ ചടങ്ങിൽ ഏറെ പ്രാധാന്യത്തോടെ എടുത്തു പറഞ്ഞ അദ്ദേഹം കോളജിന് അകമഴിഞ്ഞ പിന്തുണയും ഉറപ്പു നൽകി. ഡോ. ടി.വി ബിനുവിന് ഗവർണർ ഗവേഷണ പാരിതോഷികമായി പ്രഖ്യാപിച്ച ഒരു ലക്ഷം രൂപ സമ്മാനമായി നൽകി.

# വയനാട് വഞ്ചനാദിനം; മുരിയാട് കോൺഗ്രസിന്റെ പ്രതിഷേധ ജ്വാല



മുരിയാട്: വയനാട് ദുരന്തത്തിന്റെ പേരിൽ കള്ളകണക്ക് കാട്ടി തട്ടിപ്പ് നടത്തുന്ന സംസ്ഥാന സർക്കാരിനും ധനസഹായം അനുവദിക്കാത്ത കേന്ദ്ര സർക്കാരിനുമെതിരെ പ്രതിഷേധ ജ്വാല. മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ പ്രകടനത്തിന് പ്രസിഡന്റ് സാജു പാറേക്കാടൻ നേതൃത്വം നൽകി. ബ്ളോക്ക് വൈസ് പ്രസിഡന്റ് തോമസ് തത്തംപിള്ളി, ഭാരവാഹികളായ മോളി ജേക്കബ്, കെ.എ.ഗംഗാദേവി, തുഷം സൈമൺ, സേവിയർ ആളൂക്കാരൻ, കെ. വൃന്ദകുമാരി, നിത അർജുനൻ, ജിനി സതീശൻ, വിബിൻ വെള്ളയത്ത്, ജസ്റ്റിൻ ജോർജ്, എന്നിവർ പ്രസംഗിച്ചു.

## വാഹനം ആവശ്യമുണ്ട്

തൃശൂർ: പെരിങ്ങാവിലുള്ള ഒല്ലൂക്കര അഡീഷണൽ തൃശൂർ അർബൻ-രണ്ട് ഐ. സി. ഡി.എസ് ഓഫീസിലേക്ക് ടാക്സി പെർമിറ്റുള്ള ഏഴ് വർഷത്തിൽ കുറവ് പഴക്കമുള്ള വാഹനം ഒരു വർഷത്തേക്ക് വാടകയ്ക്ക് ലഭ്യമാക്കാൻ താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ദർഘാസ് ക്ഷണിച്ചു. നിരതദ്രവ്യം- 2400 രൂപ. ഒക്ടോബർ 4ന് വൈകിട്ട് 3 വരെ ദർഘാസ് സ്വീകരിക്കും. ഫോൺ: 0487 2322800.

# സുനിൽ കുമാറിന് ഇപ്പോഴും തൃശ്ശൂരിലെ തോൽവി ഉൾക്കൊള്ളാനായിട്ടില്ല: എ നാഗേഷ്

തൃശൂർ: തൃശൂരിലെ മതേതര ജനത തെരഞ്ഞെടുത്തത് അവർ വിശ്വസിച്ചത് സുരേഷ് ഗോപി എന്ന ജനനായകനെ ആയിരുന്നു. സുനിൽ കുമാറിന് ഇപ്പോഴും തൃശൂരിലെ തോൽവി ഉൾക്കൊള്ളുവാൻ ആയിട്ടില്ല. പൂരം കലക്കിയത് കാനം വിരുദ്ധ ഗ്രൂപ്പുകാരനായ സുനിലിനെ തോൽപ്പിക്കുവാൻ കാനം ഗ്രൂപ്പിലെ തൃശൂർ ഭരിക്കാൻ ഏൽപ്പിച്ചിട്ടുള്ള മന്ത്രിയാണെന്നോ.

പിണറായിയുടെ പൊന്നോമനയായ സുനിലിനെ എതിർ ഗ്രൂപ്പുകാർ തോൽപ്പിച്ചതോ ആകാം എന്നതല്ലേ സ്വാഭാവിക ന്യായം? എന്ന് നാഗേഷ് ചോദിച്ചു.

സുരേഷ് ഗോപി സേവാഭാരതി ആംബുലൻസിൽ വന്നതെന്തിനാ, പോലീസ് പൂരം കലക്കിയതെന്തിനാ? എന്നൊക്കെ ചോദിക്കേണ്ടത് ആഭ്യന്തര വകുപ്പ് ഭരിക്കുന്ന സുനിൽ കുമാറിന്റെ സ്വന്തം പിണറായി വിജയനോടല്ലെ? എന്നും. ഇനി അതല്ലാ കണ്ടമാനം തെളിവുകൾ കയ്യിലുണ്ടെങ്കിൽ ധൈര്യമായി ഒരു ജുഡീഷ്യൽ അന്വേഷണം വേണമെന്ന് പാർട്ടി വഴി സർക്കാരിനോട് ആവശ്യപ്പെടണ മെന്നും നാഗേഷ് പറഞ്ഞു.



കുന്നംകുളം അസാപ്പ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ഇറാം സ്കിൽസ് അക്കാദമിയുടെ നൈപുണ്യ വികസന കേന്ദ്രം കുന്നംകുളം മുനിസിപ്പൽ ചെയർപേഴ്സൺ സീത രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. മഹീന്ദ്ര ആൻഡ് മഹീന്ദ്ര വൈസ് പ്രസിഡന്റ് പവൻ കുമാർ, ഇറാം ഗ്രൂപ് ചെയർമാൻ ഡോ സിദ്ധീക്ക് അഹമ്മദ് തുടങ്ങിയവർ സമീപം.

# വി. റപ്പായേൽ മാലാഖയുടെ 4-ാം ചൊവ്വാഴ്ചാരണം നടത്തി



ഒല്ലൂർ: ഫൊറോനപ്പള്ളി തീർത്ഥകേന്ദ്രത്തിലെ വി. റപ്പായേൽ മാലാഖയുടെ തിരുനാളിന് ഒരുക്കമായി നടത്തുന്ന നാലാം ചൊവ്വാഴ്ചാചരണ തിരുകർമ്മങ്ങൾക്ക് ആഗ്ര ആർച്ച് ബിഷപ്പ് ഡോ. റാഫി മഞ്ഞളി മുഖ്യ കാർമികത്വം വഹിച്ചു.

"മനുഷ്യരെ നേർവഴിക്ക് നയിക്കുന്നതിനും സംരക്ഷണം നൽകുന്നതിനുംവേണ്ടി ദൈവം മലാഖമാരെ ഒരുക്കുകയും ഉത്തരവാദിത്വം നൽകിയതായും ബൈബിൾ സാക്ഷ്യപ്പെടുത്തുന്നു. വി. റപ്പായേൽ എന്ന വാക്കിന്റെ അർത്ഥംതന്നെ ദൈവം സുഖപ്പെടുത്തുന്നവൻ എന്നാണ്. കൂടാതെ യാത്രാസഹായിയായും അറിയപ്പെടുന്നു. ദൈവത്തിൽ ആശ്രയിക്കുന്ന വരുടെ ജീവിതത്തിൽ ദൈവം അത്ഭുതകരമായി ഇടപെടുന്നതിന്റെ ഉദാഹരണങ്ങൾ വി. പാദ്രേപിയോയുടെയും ബിഷപ്പ് ഫുൾട്ടൻ ജെ. ഷീനിന്റെയും ജീവിതങ്ങൾ കാണിച്ചുതരുന്നത് എന്ന് ആർച്ച്ബിഷപ്പ് അഭിപ്രായപ്പെട്ടു.

നേരത്തെ നടന്ന ദൂതപാത, ലദ്ദീഞ്ഞ് എന്നിവയ്ക്ക് ഫാ. ആൽബിൻ ചൂണ്ടൽ കാർമ്മികത്വം വഹിച്ചു. നൊവേനക്കുശേഷം നടന്ന ആരാധനക്കും ധ്യാനത്തിനും പ്രാർത്ഥനയ്ക്കും വികാരി ഫാ. ആന്റണി ചിറ്റിലപ്പിള്ളി കാർമ്മികത്വം വഹിച്ചു. തിരുകർമ്മങ്ങളും നേർച്ചഭക്ഷണവും സ്പോൺസർ ചെയ്തത് നടത്തു ട്രസ്റ്റികൂടിയായ പോൾ കുണ്ടുകുളവും കുടുംബവുമാണ്.

മാലാഖയുടെ പന്തലിൽ നടന്ന നേർച്ച ഭക്ഷണ ആശീർവാദം ഫാ. ആന്റണി ചിറ്റിലപ്പിള്ളി നിർവ്വഹിച്ചു. ആർച്ച്ബിഷപ്പ്ഡോ. മഞ്ഞളി നേർച്ചഭക്ഷണത്തിൽ പങ്കെടുത്ത അയ്യായിരത്തിലധികം വരുന്ന ഭക്തജനങ്ങളെ സന്ദർശിച്ചു. ഉച്ച കഴിഞ്ഞ് 5നും 7നും നടന്ന വി. കുർബാന, നൊവേന എന്നിവയ്ക്ക് ഫാ. ജിജോ തീതായി, ഫാ. ജിന്റോ ചിറമ്മൽ, ഫാ. ജിതിൻ വല്ലച്ചിറക്കാരൻ എന്നിവർ കാർമ്മികത്വം വഹിച്ചു.

വിവിധ തിരുകർമ്മങ്ങൾക്ക് സഹായികളായി ഫാ. ജിയോ ആലപ്പാട്ട്, ഫാ. ഫ്രാൻസിസ് പുതുക്കര, ഫാ. അലക്സ് മാപ്രാണി തുടങ്ങിയവർ പങ്കെടുത്തു. പരിപാടികൾക്ക് ട്രസ്റ്റിമാരായ പോൾ കുണ്ടുകുളം, ആന്റണി മാണിചാക്കു, റാഫി ചമ്മണം, സെബി വല്ലച്ചിറക്കാരൻ, തിരുനാൾ കമ്മിറ്റി ഭാരവാഹികളായ പി.സി. ഫ്രാൻസിസ്, ഷാജൻ ഉമ്പാവു, ഗോഡ്ഫ്രീ ചാക്കോ, എം.ആർ. സൈമൺ, ഫിൻസൻ റാഫേൽ എന്നിവർ നേതൃത്വം നൽകി.

# ഈശ്വരീയ രക്ഷാബന്ധന മഹോത്സവം ആഘോഷിച്ചു



തൃശ്ശൂർ: ബ്രഹ്മാകുമാരീസ് അരുണാട്ടുകര തൃശ്ശൂർ ഡോക്ടർ ഗിരിദാസ് പി ബി (ആന ചികിത്സക വിദഗ്ദ്ധൻ) ഉദ്ഘാടനം ചെയ്തു.

രാജയോഗിനി ബ്രഹ്മാകുമാരി രാധ ബഹൻജി രക്ഷാബന്ധന സന്ദേശം കേൾപ്പിച്ചു, സജിത ഷിബു (ഡിവിഷൻ കൗൺസിലർ) കരീം പന്നിതടം (സാമൂഹിക പ്രവർത്തകൻ) എന്നിവർ ആശംസകൾ അർപ്പിച്ചു.

ബി കെ ബിന്ദു (ബ്രഹ്മാകുമാരീസ് അരുണാട്ടുകര ഇൻചാർജ്) സ്വാഗതവും വിദ്യാലയ പരിചയവും നൽകി. ബി കെ സന്തോഷ് നന്ദി പറഞ്ഞു (ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പാലക്കാട് )

# തൊഴിൽ പദ്ധതിയുമായി ഇറാം സ്കിൽസ്

കുന്നംകുളം : ഇറാം സ്കിൽസ് അക്കാദമി, പ്രമുഖ വാഹന നിർമ്മാതാക്കളായ മഹീന്ദ്ര ആൻഡ് മഹീന്ദ്രയുമായി ചേർന്ന് രണ്ടു വർഷത്തിനകം കേരളത്തിൽ മുന്നൂറിലധികം പേർക്കു തൊഴിൽ നൽകും. മഹീന്ദ്രയുടെ കേരളത്തിലെ വാഹന വർക്ക്ഷോപ്പുകളിലാണ് ഐടിഐ, പോളിടെക്നിക്, വിഎച്ച്എസ് സി യോഗ്യതയുള്ളവർക്ക് ജോലി നൽകുക. ഇതിന്റെ ഭാഗമായുള്ള നൈപുണ്യ വികസന കേന്ദ്രം കുന്നംകുളത്ത് മഹീന്ദ്ര ആൻഡ് മഹീന്ദ്ര വൈസ് പ്രസിഡന്റ് പവൻ കുമാറും കുന്നംകുളം മുനിസിപ്പൽ ചെയർപേഴ്സൺ സീത രവീന്ദ്രനും ചേർന്ന് ഉദ്ഘാടനം ചെയ്തു. ഇറാം ഗ്രൂപ് ചെയർമാൻ ഡോ സിദ്ധീക്ക് അഹമ്മദ്, മഹീന്ദ്ര ആൻഡ് മഹീന്ദ്ര ടെക്നിക്കൽ ഹെഡ് കെ രവി, സോണൽ കസ്റ്റമർ കെയർ ഹെഡ് പ്രത്യുഷ് ബോസ്, ഇറാം ടെക്നോളജീസ് ജിഎം ഓസ്റ്റിൻ വാളൂർ, അസാപ് സ്കിൽ പാർക്ക് ഹെഡ് റിട്ട ലഫ്റ്റനന്റ് കമാൻഡർ ഇവി സജിത്ത് കുമാർ എന്നിവരും പങ്കെടുത്തു.

കുന്നംകുളം അസാപ്പ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിലാണ് നൈപുണ്യ വികസനകേന്ദ്രം പ്രവർത്തിക്കുന്നത്. ഒരു മാസത്തെ പഠനവും തുടർന്ന് മഹീന്ദ്രയുടെ സർവീസ് കേന്ദ്രങ്ങളിലെ 15 ദിവസത്തെ പരിശീലനവും നൽകും. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് കേരളത്തിലെ വിവിധ സർവ്വീസ് സെന്ററുകളിൽ തൊഴിൽ നൽകും.


## കോടതി പരസ്യം

### ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

OS: 338/2020
EP: 101/2024

നമിൽ -വിധി ഉടമ

കാട്ടൂർ വില്ലേജ് പൊഞ്ഞനം ദുബായ്മൂല ദേശത്ത് നല്ലകത്ത് കാദർ ഭാര്യ ഐഷാബി -വിധി കടക്കാരി

മേൽ നമ്പറിലെ കടക്കാരിക്കുള്ള R22, R66 നോട്ടീസ് ടിയാരി ഒടുവിൽ താമസിച്ച വിലാസത്തിലും കോടതിയിലും പത്രത്തി ലും പതിച്ചു നടത്താൻ അനുവദിച്ച് കേസ് 25-09-2024 തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് കോടർട്ടിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങളെ എക്സ്പാർട്ടിയാക്കി കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

എന്ന്, 09-09-2024

വിധി ഉടമഭാഗം അഡ്വക്കെറ്റ്

**അൽഫോൺസ ആന്റണി** (ഒപ്പ്)

## കോടതി പരസ്യം

### ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 2223/2018

സോമൻ -ഹരജിക്കാരൻ

സുനിൽകുമാർ etc - എതൃകക്ഷികൾ

അയ്യപ്പൻ S/o. വേലായുധൻ, പാട്ടത്തി വീട്, പി ഒ തോളൂർ, തൃശൂർ താലൂക്ക്, തൃശൂർ ജില്ല, പിൻ-680552 -2-ാം എതൃകക്ഷി

മേൽ നമ്പറിലെ 2-ാംഎതൃകക്ഷി പേരിലുള്ള നോട്ടീസ് സ്ഥലത്തും കോടതിയിലും പതിച്ചു നടത്തുവാൻ കല്പിച്ച് കേസ് 07-10-2024 തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു. ടി കാര്യത്തിൽ ആക്ഷേപം എന്തെങ്കിലും ഉണ്ടെങ്കിൽ അന്നേദിവസം ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 20-09-2024

ഹരജിഭാഗം അഡ്വക്കെറ്റ്

**സുരേഷ്ബാബു വി** (ഒപ്പ്)



## COURT NOTICE

**BEFORE THE HON'BLE ARBITRATION TRIBUNAL
SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,
AYYANTHOLE SOUTH, NEAR NEW COURT COMPLEX
THRISSUR - 680003**

### ACP No. 418/2024

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567

-Petitioner

**1. Mrs. Sunitha V U,** Aged 33years, D/o Lakshmi, Madaparambil (H),Kadukutty P.O, Thrissur District . Kerala. 680308.

**2. Mr. Vinod,** Aged 41 years, S/o Thankappan M K, Madaparambil (H), Kadukutty P.O., Thrissur District, Kerala. 680309.

**3. Mrs. Visni,** Aged 61 years, D/o Thankappan M K, Madaparambil (H)Kadukutty P.O, Thrissur District, Kerala. 680309

**4. Mrs. Vineetha Mani,** Aged 37 years, W/o Mani, Kizhakkumpadam (H), Athoor, Kallur P.O, Thrissur District, Kerala. 680317,

**5. Mr. Shiju,** Aged 45 years, S/o Chathan, Madaparambil (H), Kadukutty P.O. Thrissur District, Kerala. 680309

- Respondents

The above numbered case is posted to **30.09.2024** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer


## നിര്യാതനായി

### അബ്ദുൽ അസിസ് ഹാജി



കാളത്തോട്: തോപ്പ് ജുമാ മസ്ജിദിന് സമീപം താമസിക്കുന്ന കരിപ്പാങ്കുളം പരേതനായ മുഹമ്മദിന്റെ മകൻ അബ്ദുൾ അസിസ് ഹാജി(68) നിര്യാതനായി. കൃഷ്ണാപുരം മഹല്ല് രക്ഷാധികാര സമിതി അംഗമായിരുന്നു. ഭാര്യ മറിയുമ്മ. മക്കൾ : സബീന, ഷെറീന, ഹസീന. സജ്ന , സുഹൈൽ. മരുമക്കൾ. നിഷാദ്. ഷറഫുദ്ദീൻ, അഷ്കർ, ഫൈസൽ, ഷബീഹ.


## COURT NOTICE

**BEFORE THE HON'BLE ARBITRATION TRIBUNAL
SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,
AYYANTHOLE SOUTH, NEAR NEW COURT COMPLEX
THRISSUR - 680003**

### ACP No. 415/2024

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567

-Petitioner

**1. Mrs. Mymoonath C,** aged 50 years, W/o. Moosakutty, Mundamparamb (H),Cheruvayoor PO, Vazhakkad, Cheruvayur, Malappuram District, Kerala, PIN – 673645

**2. Mr. Moosakutty K,** aged 53 years, S/o.Muhammed, Mundamparamb (H),Cheruvayoor PO,Vazhakkad, Cheruvayur, Malappuram District,Kerala, PIN – 673645

**3. Mr. Nasifudheen,** aged 28 yearsS/o. Moosakutty K , Mundamparamb (H),Cheruvayoor PO,Edavannapara, Cheruvayur, Malappuram District,Kerala, PIN – 673645

- Respondents

The above numbered case is posted to **30.09.2024** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer



## COURT NOTICE

**BEFORE THE HON'BLE ARBITRATION TRIBUNAL
SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,
AYYANTHOLE SOUTH, NEAR NEW COURT COMPLEX
THRISSUR - 680003**

### ACP No. 417/2024

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567

-Petitioner

**1. Mrs. Sunitha Shijo,** Aged 39 years, W/o. Shijo Thomas, Vattamattathil (H), Mavinchuvadu,Perumbavoor, Mudicual PO, Ernakulam District,Kerala, PIN - 683547

**2. Mr. Shijo Thomas,** Aged 43 years, S/o. Thomas, Vattamattathil (H), Mavinchuvadu,PerumbavoorMudicual PO, Ernakulam District,Kerala, PIN –683547

- Respondents

The above numbered case is posted to **30.09.2024** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer